**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ**
**അഡീഷണൽ ഡയറക്ടറുടെ(എ&റ്റി) നടപടിക്രമം**
**തിരുവനന്തപുരം**

---

വിഷയം:- ആവഡ-ജീവനക്കാര്യം ശ്രീമതി.രാഖി.എം ഫാർമസിസ്റ്റ് ഗ്രേഡ് I , ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ സമർപ്പിച്ച 2054/2025 നമ്പർ OA യിൽ അനുപാലന ഉത്തരവ് പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

പരാമർശം:- 1.ശ്രീമതി.രാഖി.എം സമർപ്പിച്ച സ്ഥലം മാറ്റ അപേക്ഷ

2.ഈ കാര്യാലയത്തിലെ 09/11/2025 തീയതിയിലെ ആവഡ/10210/2025/ഇഇ4 എന്ന നം.ഉത്തരവ്

3.ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 2054/2025 നമ്പർ കേസിലെ 25/11/2025 തീയതിയിലെ ഉത്തരവ്

4.കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസറുടെ 13-11-2025 തീയതിയിലെ ജി.മെ.ഒ(ആ)കെ.എസ്.ഡി/4959/2025/A3

**ഉത്തരവ് നം:ആവഡ/30382/2025/ഇഇ4, തീയതി:** 03-01-2026

---

പത്തനംതിട്ട ജില്ലയിൽ ഫാർമസിസ്റ്റ് ഗ്രേഡ് II തസ്തികയിൽ ജോലി ചെയ്തു വരവേ സ്ഥാനക്കയറ്റം ലഭിക്കുകയും ടി ജില്ലയിൽ തന്നെ സ്ഥാനക്കയറ്റത്തോടെ നിയമനമം ലഭിച്ച ശ്രീമതി.രാഖി.എം, എന്നവർക്ക് സീനിയറായ ജീവനക്കാരുടെ സ്ഥലം മാറ്റ അപേക്ഷ പരിഗണിച്ചപ്പോൾ സ്ഥാനക്കയറ്റ പട്ടിക പുനഃക്രമീകരിച്ചതു പ്രകാരം പത്തനംതിട്ട ജില്ലയിൽ നിന്നും കാസർഗോഡ് ജില്ലയിലേക്ക് സ്ഥലം മാറ്റം നൽകിയിരുന്നു. നിലവിൽ കാസർഗോഡ് ബയാർ കുടുംബാരോഗ്യ കേന്ദ്രത്തിൽ ജോലി ചെയ്യുന്ന അപേക്ഷക ടിയാനെ പരാമർശം(2) പ്രകാരം പുറപ്പെടുവിച്ച ഫാർമസിസ്റ്റ് ഗ്രേഡ് I തസ്തികയിലെ സ്ഥലം മാറ്റ ഉത്തരവിൽ പത്തനംതിട്ട

ജില്ലയിലേക്ക് പരിഗണിച്ചില്ല എന്ന കാരണത്താൽ ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ **OA** ഫയൽ ചെയ്തിരുന്നു. പരാമർശം**(3)** പ്രകാരം ടിയാന്റെ അപേക്ഷ പരിഗണിച്ച് ഒരു മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കാൻ ബഹു കോടതി നിർദ്ദേശിച്ചിരുന്നു.

ശ്രീമതി.രാഖി.എം, ഫാർമസിസ്റ്റ് ഗ്രേഡ് **II** തസ്തികയിൽ ജോലി ചെയ്ത് വരവേ **DHS/11771/2023/EE4,** തീയതി:**06/11/2024** എന്ന ഉത്തരവ് പ്രകാരം ഗ്രേഡ് **I** തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ചു. ഫാർമസിസ്റ്റ് ഗ്രേഡ് **II** തസ്തികയിലെ **PSC**റാങ്ക് ലിസ്റ്റ് കാലാവധി അവസാനിക്കുന്നതിനാൽ സ്ഥാനക്കയറ്റം മുഖേന ടി ഒഴിവുകൾ നികത്തേണ്ടതുള്ളതിനാലും, ഉപതിരഞ്ഞെടുപ്പിന്റെ പെരുമാറ്റ ചട്ടം നിലനിൽക്കുന്നതിനാൽ സീനിയറായ ഫാർമസിസ്റ്റ് ഗ്രേഡ് **I** തസ്തികയിലെ ജീവനക്കാരുടെ സ്ഥലം മാറ്റ അപേക്ഷ പരിഗണിക്കാതെയുമാണ് സ്ഥാനക്കയറ്റം വഴി ഒഴിവുകൾ നികത്തിയത്. എന്നാൽ പെരുമാറ്റ ചട്ടം അവസാനിക്കുന്ന മുറയ്ക്ക് ഗ്രേഡ് **I** ജീവനക്കാരുടെ അപേക്ഷ പരിഗണിക്കുമ്പോൾ നിലവിലെ സ്ഥാനക്കയറ്റ ഉത്തരവ് പുനഃക്രമീകരിക്കുന്നതാണ് എന്ന് രേഖപ്പെടുത്തിയാണ് സ്ഥാനക്കയറ്റ ഉത്തരവ് പുറത്തിറക്കിയത്. ഇപ്രകാരം പെരുമാറ്റചട്ടം അവസാനിച്ച മുറയ്ക്ക് ഫാർമസിസ്റ്റ് ഗ്രേഡ് **I** തസ്തികയിലെ ജീവനക്കാരുടെ സ്ഥലം മാറ്റ അപേക്ഷ പരിഗണിച്ച വേളയിൽ ജൂനിയറായ ജീവനക്കാർക്ക് തങ്ങൾക്ക് ആദ്യം അനുവദിച്ച ജില്ലയിൽ നിന്നും മാറി മറ്റ് ജില്ലകളിലേക്ക് സ്ഥാനക്കയറ്റ തസ്തികയിൽ ജോലി ചെയ്യേണ്ടി വന്നു. അപ്രകാരമാണ് ശ്രീമതി.രാഖി.എം ഉൾപ്പെടെ **15** ജീവനക്കാർക്ക് ഉത്തരവ് നം.ആവഡ/**11771/2023/**ഇഇ**4,** തീയതി:**17/02/2025** എന്ന ഉത്തരവ് പ്രകാരം സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവായത്.

അപേക്ഷക കാസർഗോഡ് ജില്ലയിൽ ബയാർ എഫ്.എച്ച്.സി യിൽ ജോലിയിൽ പ്രവേശിച്ച ശേഷം സ്വന്തം ജില്ലയിലേക്ക്( പത്തനംതിട്ട) സ്ഥലം മാറ്റം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചു. എന്നാൽ **2025** ലെ പൊതു സ്ഥലം മാറ്റ പട്ടിക പുറത്തിറക്കിയപ്പോൾ പത്തനംതിട്ട ജില്ലയിലേക്ക് വരാൻ സീനിയറായ ജീവനക്കാർ ഉള്ളതിനാൽ ടിയാന്റെ അപേക്ഷ പരിഗണിക്കാൻ സാധിക്കില്ലായിരുന്നു. നിലവിൽ പ്രൊമോഷൻ മുഖേനയും വിരമിക്കൽ മുഖേനയും ഫാർമസിസ്റ്റ് ഗ്രേഡ് **I** തസ്തികയിൽ ഒഴിവ് ഉണ്ടായപ്പോൾ പരാമർശം**(2)**ഉത്തരവ് പ്രകാരം സ്ഥലം മാറ്റ ഉത്തരവ് പ്രസിദ്ധപ്പെടുത്തിയിരുന്നു. അപേക്ഷകയെക്കാൾ

സീനിയറായ, 2022 മുതൽ മറ്റ് ജില്ലകളിൽ ജോലി ചെയ്യുന്ന, പത്തനംതിട്ട ജില്ലയിലേക്ക് തിരികെ വരാനുള്ള ജീവനക്കാരുടെ അപേക്ഷ പരിഗണിക്കേണ്ട സാഹചര്യം ഉണ്ടായതിനാൽ ടിയാനെ നിലവിലെ സ്ഥലം മാറ്റ ഉത്തരവിൽ ഉൾപ്പെടുത്താൻ സാധ്യമല്ലായിരുന്നു. സ്ഥലം മാറ്റത്തിനുള്ള മാനദണ്ഡം സ്ഥലംമാറ്റ തസ്തികയിൽ ജില്ലയിൽ ജോലിയിൽ പ്രവേശിച്ച തീയതിയുടെ സീനിയോറിറ്റി പരിഗണിച്ച് ആയതിനാലും, അപേക്ഷകയെക്കാൾ സീനിയറായ, മറ്റ് ജില്ലകളിൽ ജോലി ചെയ്യുന്ന, പത്തനംതിട്ട ജില്ലയിലേക്ക് സ്ഥലം മാറ്റം ആവശ്യപ്പെട്ടിരിക്കുന്ന ജീവനക്കാർ ഉള്ളതിനാൽ ശ്രീമതി.രാഖി.എം ന്റെ പരാമർശം(1) നിവേദനം നിരസിച്ച് OA നമ്പർ 2054/2025 കേസിലെ ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 25/11/2025 തീയതിയിലെ അന്തിമ ഉത്തരവ് അനുപാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Signed by
Shinu K S
Date: 03-01-2026 12:04:26
**അഡീഷണൽ ഡയറക്ടർ(എ&റ്റി)**

സ്വീകർത്താവ്:-

ശ്രീമതി.രാഖി.എം ഫാർമസിസ്റ്റ് ഗ്രേഡ് I
എഫ്.എച്ച്.സി ബയാർ, കാസർഗോഡ്

പകർപ്പ്:-

1.അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം
2.ജില്ലാ മെഡിക്കൽ ഓഫീസർ, കാസർഗോഡ്
3.മെഡിക്കൽ ഓഫീസർ(I/C) കുടുംബാരോഗ്യ കേന്ദ്രം,ബയാർ
കാസർഗോഡ്
4.ഫയൽ/കരുതൽ ഫയൽ